(ഓഫീസ് ഉപയോഗത്തിന് മാത്രം)

| SAF | | |
|---|---|---|

നമ്പർ:

സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമെൻ
ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (*JLG*) പദ്ധതി ………..

**മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന JLG ഗ്രൂപ്പിനെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷാഫോറം**

*താഴെപ്പറയുന്ന എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ടുള്ള വനിതകളായിരിക്കണം അപേക്ഷകർ.*

**മാനദണ്ഡങ്ങൾ**

- മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്ന 5 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പായിരിക്കണം അപേക്ഷകർ.
- അപേക്ഷകർ ഫിഷർമെൻ ഫിമിലി രജിസ്റ്ററിൽ (FFR) അംഗത്വമുള്ള വനിതകൾ ആയിരിക്കണം.
- തീരദേശ/ ഉൾനാടൻ മേഖലയിൽ നിന്നുള്ള മത്സ്യത്തൊഴിലാളി വനിതകൾക്ക് അപേക്ഷിക്കാം.
- മത്സ്യവിൽപ്പന നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻഗണന.
- പ്രായപരിധിയില്ല. നിലവിൽ മത്സ്യ അനുബന്ധ തൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ (Fish vending/peeling/drying) ആയിരിക്കണം.
- സാഫിന്റെ ഏതെങ്കിലും പദ്ധതിയിൽ നിന്ന് ധനസഹായം ലഭിച്ചവർ ആയിരിക്കരുത് അപേക്ഷകർ.

കൂട്ടുത്തരവാദിത്വസംഘം രൂപീകരണം പരസ്പര ധാരണാപത്രം

...................മാണ്ട്- ..................മാസം .........................തിയ്യതിയിൽ ഒപ്പുവച്ച പരസ്പര ധാരണാപത്രം

കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)–ൻെറ ജോയിന്റ് ലയബിലിറ്റി പദ്ധതിയുടെ ഭാഗമായി അംഗീകൃത ധനകാര്യ സ്ഥാപനം വഴി അനുവദിക്കുന്ന വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് വരുമാനദായക പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി .............................................................. എന്ന പേരിൽ രൂപീകൃതമായ കൂട്ടുത്തരവാദിത്വ സംഘത്തിൽ താഴെ പേര് ചേർത്തിട്ടുള്ള ഞങ്ങൾ സ്വയം താല്പര്യ പ്രകാരം ഒപ്പുവച്ച പരസ്പരധാരണാപത്രം.

അംഗങ്ങൾ ( പേരും വിലാസവും)

1.

2.

3.

4.

5.

മേൽ പേരെഴുതിയിട്ടുള്ള ഞങ്ങൾ 5 പേർ സ്വമേധയാൽ സ്വന്തം താല്പര്യപ്രകാരം ................................................. എന്ന പേരിലാണ് കൂട്ടുത്തരവാദിത്വ സംഘം രൂപീകരിച്ചിട്ടുള്ളത്. അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു. ഞങ്ങളുടെ ഗ്രൂപ്പിനെ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന പക്ഷം ഞങ്ങൾ എല്ലാ അംഗങ്ങളും സാഫിന്റെ നിയമാവലിയ്ക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവർത്തിച്ചുകൊള്ളാമെന്നും മേൽ വിവരിച്ച കാര്യങ്ങൾ സത്യവിരുദ്ധമാണെന്ന് തെളിഞ്ഞാൽ സാഫിൽ നിന്ന് ലഭിച്ച മുഴുവൻ തുകയും തിരിച്ചടക്കാമെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

| ക്രമ നം | പേരും വിലാസവും | ഒപ്പ് | നോമിനിയുടെ പേരും ഒപ്പും |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |

സാക്ഷികൾ

1.

2.

സ്ഥലം :
**തീയതി :**

..................................................................................................

## <u>വെരിഫിക്കേഷൻ റിപ്പോർട്ട്</u>

അപേക്ഷകർ ഈ മത്സ്യഗ്രാമത്തിലെ FFR ലിസ്റ്റിൽ അംഗത്വമുള്ളവരാണ്. അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ ആധാർ കാർഡ്/ഇലക്ഷൻ ഐഡിന്റിറ്റി കാർഡ്, അവകാശപ്പെടുന്ന വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കേറ്റ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ് ബുക്ക്, റേഷൻ കാർഡ് തുടങ്ങിയവയുടെ അസലുമായി ഒത്തുനോക്കി സത്യമാണെന്ന് ബോദ്ധ്യപ്പെടുകയും, ആയതിന്റെ പകർപ്പുകൾ ഞാൻ സാക്ഷ്യപ്പെടുത്തി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ പേരും FFR അംഗത്വ നമ്പറും താഴെ ചേർക്കുന്നു.

1.

2.

3.

4.

5.

സ്ഥലം: മത്സ്യഭവൻ ഓഫീസറുടെ ഒപ്പ്
തീയതി: സീൽ പേര്

ഉദ്ദേശ്യ ലക്ഷ്യങ്ങൾ

1. സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും സ്വയം തൊഴിൽ പദ്ധതികൾക്ക് ലഭ്യമായ സഹായങ്ങൾ സ്വീകരിക്കുകയും അംഗങ്ങൾക്കിടയിൽ വിതരണം നടത്തുകയും ചെയ്യുക.
2. ലഭിക്കുന്ന വായ്പ്പയും മറ്റു ധന സാങ്കേതിക സഹായങ്ങൾ കൃത്യമായും കാര്യക്ഷമമായും ഉപയോഗിക്കുക.
3. വായ്പ്പാ ഗഡുക്കൾ വാങ്ങുകയും കൃത്യമായി തിരിച്ചടവ് നടത്തുകയും ചെയ്യുക.
4. അംഗങ്ങളെ എല്ലാ കാര്യങ്ങളിലും ഏകോപിപ്പിച്ചു കൊണ്ട് കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കുക.
5. അംഗങ്ങളുടെ സാമ്പത്തിക – സാമൂഹിക അഭിവൃദ്ധിക്കുവേണ്ടി കൂട്ടായി പ്രവർത്തിക്കുക.

ചുമതലകൾ

1. സാമ്പത്തിക കാര്യങ്ങൾ നടത്തുന്നതിന് വേണ്ടി സംഘത്തിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുക.
2. സംഘത്തിൽ നിന്നും കൺവീനർ അടക്കം രണ്ടു പേരെ ബാങ്ക് അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ഗ്രൂപ്പ് യോഗം ചേർന്ന് തീരുമാനിക്കുക.
3. ഗ്രൂപ്പ് അംഗങ്ങളുടെ യോഗം മാസത്തിൽ ഒരിക്കൽ എങ്കിലും കൃത്യമായി ചേരുകയും യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയ മിനിറ്റിസ് ബുക്ക് സൂക്ഷിക്കുകയും ചെയ്യുക.
4. വായ്പയായി ലഭിക്കുന്ന തുകയ്ക്കും അതിന്റെ പലിശ, പിഴപലിശ എന്നിവയ്ക്കും കൂട്ടുത്തരവാദിത്വം ഉണ്ടായിരിക്കുക.
5. സാഫ് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കുകയും സാഫ് നടത്തുന്ന എല്ലാ പരിപാടികളിലും സഹകരിക്കുകയും ചെയ്യുക.
6. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലഭ്യമായ ആനുകൂല്യങ്ങളിലോ വായ്പയിലോ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ വരുത്തുകയാണെങ്കിൽ ആയതിനു ഗ്രൂപ്പ് അംഗങ്ങൾ മുഴുവനും ഉത്തരവാദികളായിരിക്കും.
7. ഗ്രൂപ്പ് യോഗങ്ങളുടെ ഹാജർ, വരിസംഖ്യ എന്നിവയുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കുക.
8. വായ്പകൾ, മറ്റു സാമ്പത്തിക ഇടപാടുകൾ, വായ്പ തിരിച്ചടവ് തുടങ്ങിയവയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുകയും ഗ്രൂപ്പ് യോഗങ്ങളിൽ അവതരിപ്പിച്ചു അംഗീകാരം നേടുകയും ചെയ്യുക.
9. സംഘത്തിന്റെ പൊതു ആസ്തികൾ സംരക്ഷിക്കുക.
10. സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനും ആസ്തികൾ സംരക്ഷിക്കുന്നതിനുമായി സങ്കേതത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കൺവീനർ, ട്രഷറർ എന്നിവർ രണ്ടു വർഷത്തിൽ കൂടുതൽ ആ സ്ഥാനം വഹിക്കാൻ പാടില്ലാത്തതും റൊട്ടേഷൻ രീതിയിൽ എല്ലാ അംഗങ്ങൾക്കും പ്രസ്തുത ചുമതലകൾ വഹിക്കാൻ അവസരം ഉണ്ടാകേണ്ടതുമാണ്.

മറ്റു നിബന്ധനകൾ

1. ഏതെങ്കിലും അംഗത്തിനോ അംഗങ്ങൾക്കോ ഗ്രൂപ്പിൽ നിന്നും ഒഴിഞ്ഞു പോകുന്നതിനോ പുതിയ അംഗങ്ങളെ ചേർക്കേണ്ടി വരുമ്പോഴോ അവരിൽ നിന്ന് ലഭിച്ച അപേക്ഷ ഗ്രൂപ്പിൽ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുക്കാവുന്നതും ആയത് മിനിടിസിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
2. ഒഴിഞ്ഞു പോകേണ്ട അംഗത്തിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലഭ്യമായ വായ്പയിലോ മറ്റോ ആനുകൂല്യങ്ങളോ ഏതെങ്കിലും ബാദ്ധ്യതകൾ ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അത് തീർത്തതിന് ശേഷം മാത്രമേ ഗ്രൂപ്പ് ബാദ്ധ്യതയിൽ നിന്ന് വിട്ടുപോകാൻ സാധിക്കുകയുള്ളു.
3. സംഘത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കു വേണ്ടി അംഗത്വ ഫീസ്, വരിസംഖ്യ സമ്പ്രദായം എന്നിവ ആരംഭിക്കുക.
4. സംഘത്തിന്റെ ബാങ്ക് അക്കൗണ്ട്, ക്യാഷ് ബുക്ക്, രശീതി പുസ്തകങ്ങൾ, ലഡ്ജറുകൾ, മിനിറ്റ്സ് ബുക്ക്, പണം, അനുബന്ധ രജിസ്റ്ററുകൾ, പൊതു ആസ്തികൾ എന്നിവ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി സംഘത്തിന്റെ മെമ്പർമാരായ താഴെ പറയുന്നവരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

..............................................................ട്രഷറർ ........................................................കൺവീനർ

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ പകർപ്പ്**

1. ഇലക്ഷൻ ഐഡിന്റിറ്റി കാർഡ്/ആധാർകാർഡ്
2. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
3. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ് ബുക്ക്
4. റേഷൻ കാർഡ്
5. ബിപിഎൽ സർട്ടിഫിക്കറ്റ്

........................................ ഇവിടെ മുറിക്കുക ........................................

നമ്പർ

| JLG | | |
|---|---|---|

## <u>രസീത്</u>

..........................................................................................(പേരും മേൽവിലാസവും)ൽ നിന്നും ഇന്നേ ദിവസം സാഫ് മുഖാന്തിരം കൂട്ടുത്തരവാദിത്വസംഘം രൂപീകരിക്കുന്നതിനുള്ള അപേക്ഷാ ഫോറം കൈപ്പറ്റിയിരിക്കുന്നു.

സ്ഥലം:
തീയതി:

മത്സ്യഭവൻ ഓഫീസറുടെ ഒപ്പ്